"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്-ശ്രീമതി ഓമന സി.എ. (റിട്ട.ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I), ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA(EKM)1102/2022ൻമേലുള്ള 26-8-2022 തീയതിയിലെ വിധിന്യായം-നടപ്പിലാക്കി ഉത്തരവ്-പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.687/2024/LSGD തീയതി,തിരുവനന്തപുരം, 25-03-2024

---

പരാമർശം:-

1. ശ്രീമതി ഓമന സി.എ. (റിട്ട.ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I) സമർപ്പിച്ച 17-8-2021 തീയതിയിലെ അപേക്ഷ.
2. ശ്രീമതി ഓമന സി.എ. (റിട്ട.ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I), ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA(EKM)1102/2022ൻമേലുള്ള 26-8-2022 തീയതിയിലെ ഉത്തരവ്.
3. എൽ.എസ്.ജി.ഡി (അർബൻ)ഡയറക്ടറുടെ 20-1-2023ലെ DUA/3106/2022-E5 നമ്പർ കത്ത്.
4. പ്രിൻസിപ്പൽ ഡയറക്ടറുടെ 12-12-2023ലെ LSGD/PD/11466/2023-DEB5 നമ്പർ കത്ത്.

**ഉത്തരവ്**

1997-ലെ ശമ്പള പരിഷ്കരണത്തോടനുബന്ധിച്ച് ശമ്പള സ്കെയിൽ അനുവദിച്ചില്ല എന്ന പരാതിയുമായി ശ്രീമതി ഓമന സി.എ. (റിട്ട.ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I), ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA(EKM)1102/2022ൻമേലുള്ള ബഹു.ട്രിബ്യൂണലിന്റെ പരാമർശം(2) ഉത്തരവ് പ്രകാരം, ശ്രീമതി ഓമന സി.എ. പരാമർശം (1) പ്രകാരം സമർപ്പിച്ചിരിക്കുന്ന നിവേദനം ഒന്നാം എതിർ കക്ഷിയായ തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി പരിഗണിച്ച്, പ്രസ്തുത നിവേദനത്തിൻമേൽ, അപേക്ഷകയ്ക്ക് ഹിയറിംഗ് നടത്തിയതിനുശേഷം ഉത്തരവ് ലഭിച്ച് 4 മാസത്തിനുള്ളിൽ തീർപ്പാക്കണമെന്ന് ഉത്തരവായിരുന്നു.

2. ശ്രീമതി ഓമന സി.എ. (റിട്ട. ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I) പരാമർശം (1) പ്രകാരം സമർപ്പിച്ച പരാതിയിൽ ഏലൂർ മുനിസിപ്പാലിറ്റിയിൽ രണ്ടാംഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറായി 13.05.1992 ൽ ടിയാൾ സർവ്വീസിൽ പ്രവേശിച്ചു എന്നും 25-9-1993-ലെ G.O(P)600/93/fin, GO(P)930/93(2)/fin dated 8-12-1993 എന്നീ ഉത്തരവുകൾ പ്രകാരം രണ്ടാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ ശമ്പളം 1050-1660 രൂപയായി ആദ്യം പുതുക്കി നിശ്ചയിക്കുകയും പിന്നീട് 01.03.1992 മുതൽ മുൻകാല പ്രാബല്യത്തോടെ ടി സ്കെയിൽ 1125-1720 ആയി ഭേദഗതി ചെയ്യുകയും ചെയ്തിരുന്നു എന്നും തുടർന്ന് 25-11-1998-ലെ ജി.ഒ(പി)3000/98/ധന നം ഉത്തരവ് പ്രകാരം 01.03.97 മുതൽ

പ്രാബല്യത്തിൽ ശമ്പള പരിഷ്കരണം നടത്തിയപ്പോൾ 1125-1720 ശമ്പള സ്കെയിലിന് സമാനമായി 3590-5400 രൂപ അനുവദിക്കുകയും പിന്നീട് 01.03.97 മുതൽ പ്രാബല്യത്തിൽ 4000-6090 രൂപ ആയി ഭേദഗതി ചെയ്യുകയും ചെയ്തിരുന്നു എന്നും എന്നാൽ ഭേദഗതി ചെയ്ത് അനുവദിച്ച 4000-6090 രൂപയുടെ ആനുകൂല്യം പരാതിക്കാരിക്ക് അനുവദിച്ച് നല്കിയിരുന്നില്ല എന്നും പരാതിപ്പെട്ടിരുന്നു. എറണാകുളം നഗരകാര്യ മേഖല ജോയിന്റ് ഡയറക്ടറുടെ 04.06.04 ലെ ഉത്തരവ് പ്രകാരം 13.05.2002 ൽ അനുവദിച്ച ഒന്നാമത്തെ ഹയർഗ്രേഡിൽ കിട്ടികൊണ്ടിരുന്ന സ്കെയിൽ (താഴ്ന്ന സ്കെയിൽ) 4000-6090 രൂപയായും ഹയർഗ്രേഡ് സ്കെയിൽ 4500-7000 രൂപയുമായാണ് രേഖപ്പെടുത്തിയിരിക്കുന്നത് എന്നും 3590-5400 ശമ്പള സ്കെയിലിൽ 13.05.92 ൽ കിട്ടികൊണ്ടിരുന്ന 4100 രൂപ കണക്കിലെടുത്ത് ഗ്രേഡ് ശമ്പളം 4500 രൂപയായി നിർണ്ണയിച്ച് തന്നിട്ടുണ്ട് എന്നും 01.03.97 മുതൽ 4000-6090 ശമ്പള സ്കെയിലിൽ ശമ്പളം ഭേദഗതി ചെയ്ത് തന്നിരുന്നെങ്കിൽ 13.05.1992 ലെ താഴ്ന്ന സ്കെയിലിലെ ടിയാളിന്റെ ശമ്പളം 4590/- രൂപയും അതനുസരിച്ച് ഹയർഗ്രേഡ് ശമ്പളം 4500-7000 സ്കെയിലിൽ 4700 രൂപയുമായി 13.05.92 മുതൽ ലഭിക്കുമായിരുന്നു എന്നും അറിയിച്ചിരുന്നു.

3. നഗരകാര്യഡയറക്ടർ പരാമർശം (3) പ്രകാരം സമർപ്പിച്ചിരുന്ന റിപ്പോർട്ടിൽ, തൃക്കാക്കര നഗരസഭയിൽ നിന്ന് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് | തസ്തികയിൽ 31.03.2018-ൽ വിരമിച്ച ശ്രീമതി. ഓമന.സി.എ- യ്ക്ക് അട്ടൂർ നഗരസഭാ സ്പെഷ്യൽ ഓഫീസറുടെ 11.07.1995-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 1125-1720 എന്ന ശമ്പള തോതിൽ ടിയാളുടെ ശമ്പളം നിജപ്പെടുത്തിയിട്ടുള്ളതും 10 വർഷത്തെ ഹയർ ഗ്രേഡ് നഗരകാര്യ മധ്യ മേഖലാ ജോയിന്റ് ഡയറക്ടറുടെ 04.06.2004 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 13.05.02 മുതലും 16 വർഷത്തെ ഹയർ ഗ്രേഡ് 28.10.08-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 13.05.08 മുതലും അനുവദിച്ചിട്ടുള്ളതും സീനിയർ ഡെപ്യൂട്ടി ഡയറക്ടർ ലോക്കൽ ഫണ്ട് ഓഡിറ്റ് കൊച്ചിയുടെ 06.04.2015-ലെ കത്ത് പ്രകാരം നാളിതുവരെയുള്ള ശമ്പള നിർണയങ്ങൾ അംഗീകരിച്ചിട്ടുള്ളതും 22 വർഷത്തെ ഹയർ ഗ്രേഡിന് അനുമതി നല്കിയിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ 10.12.2014-ൽ ഹയർഗ്രേഡ് അനുവദിച്ചിട്ടുള്ളതാണെന്നും ടിയാരി വിരമിച്ച സമയത്ത് സേവനപുസ്തകം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് പരിശോധിച്ചിട്ടുള്ളതും 28.05.2018-ലെ ഉത്തരവ് പ്രകാരം ശമ്പളനിർണയങ്ങൾ അംഗീകരിച്ചിട്ടുള്ളതാണെന്നും തൃക്കാക്കര സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ളതായി അറിയിച്ചിരുന്നു.

4. പരാമർശം (2) ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരാതിക്കാരിയെ 11/04/2023ന് തദ്ദേശസ്വയംഭരണ (ഇയു) വകുപ്പ് അണ്ടർ സെക്രട്ടറി നേരിൽ കേട്ടു. ശ്രീമതി ഓമനയുടെ പരാതിയിൽ പരാമർശിച്ചിട്ടുള്ള വസ്തുതകൾക്കുപരിയായി ഒന്നും തന്നെ ഹിയറിംഗ് സമയത്ത് ടിയാൾ ബോധിപ്പിച്ചിട്ടില്ല. ടിയാൾ സർവ്വീസിൽ വന്ന 13.05.92 മുതൽ അർഹമായ ശമ്പളം കാണിക്കുന്ന സ്റ്റേറ്റ്മെന്റ് ടിയാൾ ഹാജരാക്കിയിരുന്നു. അതിൻപ്രകാരം അർഹമായ ശമ്പളം പുനർനിർണ്ണയം നടത്തി അനുവദിച്ചു നൽകുന്നതിന് ശ്രീമതി ഓമന സർക്കാരിനോട് അപേക്ഷിച്ചിരുന്നു.

5. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 1997 ശമ്പള പരിഷ്കരണം പ്രകാരം മുനിസിപ്പൽ കോമൺ സർവീസിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തികയുടെ ശമ്പള സ്കെയിൽ ആയ 3590-5400 എന്നുള്ളത് 15/02/2001 ലെ G.O (Ms) No.297/2001/(95)/Fin സർക്കാർ ഉത്തരവ് പ്രകാരം 4000-6090 ആയി ഉയർത്തി

പരിഷ്കരിച്ചിട്ടുള്ള സാഹചര്യത്തിൽ ശ്രീമതി.ഓമന സി.എ (റിട്ട.ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-I) ന്റെ മുനിസിപ്പൽ കോമൺ സർവീസിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തികയുടെ ശമ്പള സ്കെയിൽ 01.01.2001 പ്രാബല്യത്തിൽ 4000-6090 ശമ്പള സ്കെയിലിൽ പരിഷ്കരിച്ച്, KSR Part-I Rule 30 പ്രകാരം ശമ്പള നിർണയം നടത്തുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

6. പരാമർശം (2) പ്രകാരമുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് മേൽപ്പറഞ്ഞ പ്രകാരം നടപ്പിലാക്കിയിരിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DR MANJU K
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ,തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം. (ആമുഖ കത്ത് സഹിതം)
ഡയറക്ടർ,കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം.
ശ്രീമതി ഓമന.സി.എ, (ഹെൽത്ത് ഇൻസ്പെക്ടർ റിട്ട.) ബേനക 13/353A, ദേശീയ കവല റോഡ്,തൃക്കാക്കര പി.ഒ,കാക്കനാട്-682021
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 25-03-2024 11:56:41
സെക്ഷൻ ഓഫീസർ